



**സൈക്കിളോടിച്ചുകൊണ്ട്
പ്രത്യേക താളത്തിൽ വിവിധ സംഗീത
ഉപകരണങ്ങൾ ആലപിക്കുന്ന,
യൂറോപ്പിലെ ഒട്ടുമിക്ക രാജ്യങ്ങളിലും
നിലവിലുള്ള സൈക്കിൾ ബാൻഡ്
സംഘവുമൊത്തുള്ള അനുഭവങ്ങളുമായി**

**രാജു റാഫേൽ**

# സൈക്കിളിലെ സംഗീതം

വിവിധ യൂറോപ്യൻ നഗരങ്ങളിലെ വർണ്ണക്കാഴ്ചകൾ സമ്മാനിച്ചുകൊണ്ട് ആഴ്ചയവസാനങ്ങൾ വേഗത്തിൽ കടന്നു പോയിക്കൊണ്ടിരുന്നു. ആഗസ്റ്റ് അവസാനിക്കാറായി, പടിഞ്ഞാറൻ യൂറോപ്പിലെ വേനൽക്കാലവും. റേഡിയോ നെതർലാന്റ്സ് ട്രെയിനിങ്ങ് സെന്ററിലെ എന്റെ ജേർണലിസം അധ്യാപക പരിശീലന പരിപാടിയും വേനൽ വിട പറയുന്നതോടെ അവസാനിക്കും. പിന്നീട് കുറച്ച് ദിവസം ജർമ്മൻ ടെലിവിഷന് വേണ്ടി ഡോക്യുഫിക്ഷനുകൾ നിർമ്മിക്കുന്ന ഒരു ഫ്രഞ്ച് വനിതയോടൊപ്പം അവരുടെ ഒരു പ്രൊഡക്ഷനിൽ ജോലി ചെയ്യണം. ഡെൻമാർക്കിന്റെ തലസ്ഥാനമായ കോപൻ ഹേഗനിലാണ് അത്. എന്റെ സഹപാഠിയായ നെഗിനാണ് അവരുടെ സ്ഥിരം അസിസ്റ്റന്റ്. ആർ.എൻ.ടി.സിയിലെ കോഴ്സ് കഴിഞ്ഞ ഉടനേ തന്നെ പ്രൊഡക്ഷൻ യൂണിറ്റിൽ ജോലിക്ക് പോകാൻ നെഗിന് താൽപ്പര്യമില്ല, അതുകൊണ്ട് ഇത്തവണ നെഗിന് പകരം ഞാൻ എന്ന് മാത്രം. നെഗിൻ തന്നെ ഏർപ്പാടാക്കിയതാണ്. പിന്നെ പോളണ്ടിലെ വാഴ്സയിൽ ഒരു ജേർണ്ണലിസം ഇൻസ്റ്റിറ്റ്യൂട്ടിൽ രണ്ട് ദിവസം ടെലിവിഷൻ പത്രപ്രവർത്തനത്തിൽ ക്ളാസ്സെടുക്കണം. എന്റെയൊരു റോയിട്ടർ സഹപാഠിയാണ് ആ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയക്ടർ. രണ്ട് ദിവസം പോളണ്ടിൽ കറങ്ങാൻ എനിക്ക് സൗകര്യമൊരുക്കാൻ വേണ്ടിയുള്ള അവന്റെ സൗമനസ്യം. തിരിച്ച് ആംസ്റ്റർഡാമിലെത്തിയാൽ എനിക്ക് നാട്ടിലേക്ക് മടങ്ങാം. ജർമ്മൻ ടെലിവിഷൻ പ്രൊഡക്ഷനും വാഴ്സയിലെ പഠിപ്പിക്കലും മുൻകൂട്ടി തയ്യാറാക്കിയ പരിപാടികളല്ല. അതുകൊണ്ട് 10 ദിവസത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് മടക്കയാത്രക്കുള്ള വിമാന ടിക്കറ്റ് മാറ്റിയെടുക്കേണ്ടിവന്നു. ഏഷ്യാനെറ്റിലെ ലീവും അതിന് അനുസരിച്ച് ദീർഘിപ്പിക്കാനായി ഇ-മെയിൽ മുഖാന്തിരം അപേക്ഷ നൽകി.

എമയുടെ സുഹൃത്ത് ഇതിനിടയിൽ ആഫ്രിക്കയിൽ നിന്ന് തിരിച്ചെത്തിയിരുന്നു. അദ്ദേഹം ഓഫീസ്സിൽ എത്തിയ ദിവസം തന്നെ ഞാൻ സൈക്കിൾ എമ മുഖാന്തിരം തിരിച്ചേൽപ്പിക്കുകയും ചെയ്തു. പിന്നീട് വാടക സൈക്കിളിലായിരു

ന്നു എന്റെ കറക്കം. മറ്റ് യൂറോപ്യൻ നഗരങ്ങളിലേക്ക് സഹപാഠികളോടൊപ്പം പോകാത്ത വാരാന്ത്യങ്ങളിൽ ഹോളണ്ടിന്റെ അതിർത്തിയോട് ചേർന്നുള്ള ചെറിയ ജർമ്മൻ പട്ടണങ്ങളിലേക്ക് സൈക്കിളിൽ സന്ദർശനം നടത്തുന്നത് ഞാനും ടിനയും ഇതിനിടയിൽ പതിവാക്കിയിരുന്നു. ശനിയോ ഞായറോ രാവിലെ തന്നെ സൈക്കിളുമെടുത്ത് ഇറങ്ങും. കിഴക്കോട്ട് പോകുന്ന ഏത് വഴിയിലൂടെയും ഉച്ചവരെ സൈക്കിൾ ഓടിച്ചാൽ ജർമ്മൻ അതിർത്തിയാകും. സൈക്കിൾ ചവുട്ടി വല്ലാതെ ക്ഷീണിക്കുന്ന അവസരങ്ങളിൽ തിരിച്ചു വരുന്നത് മിക്കവാറും ട്രെയിനിലാകും എന്ന് മാത്രം.

ഇത്തരത്തിൽ ഒരു ശനിയാഴ്ച ഉച്ചക്ക് ഹോളണ്ട് അതിർത്തിയിലെ ജർമ്മൻ പട്ടണമായ നോർദ്ഹോണിൽ ഒരു റസ്റ്റോറണ്ടിന്റെ മുറ്റത്ത് ബീയറും മോന്തി വെയിൽ കാഞ്ഞിരിക്കുമ്പോഴാണ് ഞങ്ങൾ ആ രസികൻ കാഴ്ച കണ്ടത്. ഒരു ബാന്റ് വാദ്യം കടന്നു വരുന്ന ശബ്ദമാണ് ആദ്യം കേട്ടത്. ശബ്ദം കേട്ട ദിക്കിലേക്ക് നോക്കിയപ്പോൾ നീളത്തിലുള്ള ഒരു സൈക്കിളിൽ ബാന്റ് വായിച്ചുകൊണ്ട് വരികയാണ് അവർ. അവർ എന്ന് പറഞ്ഞാൽ ആറ് പേർ. ആറ് പേർക്ക് ഇരുന്ന് ചവിട്ടാൻ വേണ്ടത്ര നീളമുണ്ടായിരുന്നു ആറ് സീറ്റുകളും പെഡലുകളും ഉള്ള ആ സൈക്കിളിന്. എന്നാൽ ചക്രം സാധാരണപോലെ രണ്ടെണ്ണമേ ഉള്ളൂ. ഹാന്റിൽ ബാർ ആകട്ടെ ഒന്നും. രാജകൊട്ടാരത്തിലെ പരിചാരകരെപ്പോലെ ചുവന്ന മേൽകുപ്പായവും കിന്നരിതലപ്പാവുകളും ധരിച്ചിരുന്നു അവർ. ബ്യൂഗിൾ വായിച്ചിരുന്ന ആളായിരുന്നു സൈക്കിൾ ഹാന്റിൽ നിയന്ത്രിച്ചിരുന്നത്. ഇടതുകൈകൊണ്ട് ബ്യൂഗിൽ പിടിച്ച് വായിക്കുകയും വലതുകൈകൊണ്ട് മനോഹരമായി സൈക്കിൾ നിയന്ത്രിക്കുകയും ചെയ്തു അയാൾ. അയാളുടെ പിന്നിൽ ഇരുന്നിരുന്ന അഞ്ച് പേരുടെയും കൈയ്യിൽ വിവിധ സംഗീതോപകരണങ്ങൾ. ഏറ്റവും പിന്നിലിരുന്ന് സൈക്കിൾ ചവുട്ടുന്ന ആളുടെ മുന്നിലായിരുന്നു മ്യൂസിക് ബാന്റുകളിലെ ഒഴിവാക്കാനാവാത്ത സാന്നിധ്യമായ ആ വലിയ ഡ്രം . ഇത്ര വലിയ സൈക്കിൾ ആറ് പേർ കൂടി ഒരുമിച്ച് ചവുട്ടി നീങ്ങുന്നതിനൊപ്പം ബാന്റ് വായിക്കുന്നതിന്റെ ഒരു പ്രയാസവും അവരുടെ പ്രകടനത്തിൽ കണ്ടില്ല. സാധാരണ നമ്മുടെ നാട്ടിലെ സൈക്കിൾ സർക്കസ്സുകാർ ചെയ്തിരുന്നതുപോലെ, ഞങ്ങൾ ഇരുന്നിരുന്ന റസ്റ്റോറണ്ടിന്റെ കവലയിൽ വന്നപാടെ ആദ്യം രണ്ട് കറക്കം സൈക്കിളിൽ നടത്തി അവർ. ബാന്റ് വായന നിറുത്താതെയായിരുന്നു ഈ കറക്കം. ഇതു കണ്ടതോടെ അവിടെയുണ്ടായിരുന്നവർ കയ്യടിച്ച് പ്രോത്സാഹിപ്പിച്ചു. തുടർന്ന് ചില അഭ്യാസങ്ങൾ കൂടി കാണിച്ചശേഷം അവർ സൈക്കിൾ സ്റ്റാന്റിൽ വെച്ചു. സൈക്കിളിന്റെ മുന്നിൽ നിരന്ന് നിന്ന് ബാന്റ് വായന തുടർന്നു. പ്രേക്ഷകർ ആവശ്യപ്പെട്ട രണ്ടോ മൂന്നോ പാട്ട് വായിച്ചശേഷം വന്നതിലും വേഗത്തിൽ സൈക്കിളെടുത്ത് ബാന്റ് വായിച്ചുകൊണ്ട് തന്നെ അവർ ചവുട്ടിനീങ്ങി. സംഗീതം പൊഴിച്ച് നീങ്ങിയ ആ സൈക്കിളിനെ തന്നെ നോക്കി നിൽക്കുകയാണ് അവിടെയുള്ള എല്ലാവരും- ഞങ്ങളെപ്പോലെ.

വലിയ ഒച്ചയും ബഹളവും ഇല്ലാതെ മുന്നോട്ട് നീങ്ങികൊണ്ടിരിക്കുന്ന നമ്മുടെ ജീവീതത്തിലേക്ക് പെട്ടെന്ന് കടന്ന് വന്ന് പ്രത്യേകിച്ച് ഒന്നും തിരിച്ച് പ്രതീക്ഷിക്കാതെ, ഒരു പാട് സ്നേഹവും ഊഷ്മളമായ സൗഹൃദവുമൊക്കെ അൽപ്പനേരം കൊണ്ട് സമ്മാനിച്ച് കടന്ന് പോകുന്ന ചില ചങ്ങാതിമാരില്ലേ? അതുപോലെ തോന്നി എനിക്ക് ആ സൈക്കിൾ ബാന്റ് സംഘം കടന്നുപോയപ്പോൾ. എന്നെ ഏറെ അത്ഭുതപ്പെടുത്തിയത് അവർ ആ സംഗീത പരിപാടിക്ക് ഇടയിലോ അതിന് ശേഷമോ ആരിൽ നിന്നും പിരിവൊന്നും എടുത്തില്ല എന്നതായിരുന്നു. ആരും അവർക്ക് ഒന്നും നൽകിയതും ഇല്ല.

പിന്നീട് റസ്റ്റോറണ്ടിലെ പരിചാരകനാണ് ആ സൈക്കിൾ ബാന്റ് സംഘത്തെ കുറിച്ച് പറഞ്ഞ് തന്നത്. ഹോളണ്ടിൽ നിന്ന് സൈക്കിളിൽ ജർമ്മനിയിലേക്ക് അതിർത്തി കടന്ന് എത്തുന്ന ബാന്റ് സംഘങ്ങളിൽ ഒന്ന് മാത്രമാണ് ഇത്. ശനിയും ഞായറും ദിവസങ്ങളിൽ ജർമ്മനിയിലെയും ഹോളണ്ടിലെയും കൊച്ചു പട്ടണങ്ങളിൽ ഇത്തരം സൈക്കിൾ ബാന്റ് സംഘങ്ങളെ കാണാം. ഡെച്ചുകാരാണ് ഈ സൈക്കിൾ അഭ്യാസികൾ. സൈക്കിൾ ബാന്റ് പരിപാടിയുടെ പ്രചരണമാണ് ലക്ഷ്യം, കർഷകരും വലിയ ഉദ്യോഗസ്ഥരുമൊക്കെ ഇത്തരം സംഘങ്ങളിലുണ്ടാകും. ഹോളണ്ടിലെ ഹാർലേമാണ് ഇത്തരം സൈക്കിൾ ബാന്റ് സംഘങ്ങളുടെ പ്രധാന കേന്ദ്രം. അവിടെയാകട്ടെ 41 പേർ അംഗങ്ങളായ സൈക്കിൾ മ്യൂസിക് ബാന്റ് ഉണ്ട്. സൈക്കിളോടിച്ചുകൊണ്ട് രണ്ട് മണിക്കൂറോളം നീളുന്ന സംഗീത പ്രകടനമാണത്രേ അവരുടേത്. കാണേണ്ട കാഴ്ച തന്നെയാണ് അത് എന്ന് ആ ജർമ്മൻ പരിചാരകൻ പ്രലോഭിപ്പിക്കുകയും കൂടി ചെയ്തതോടെ എനിക്കും ടിനയ്ക്കും ഇരുക്കപൊറുതിയില്ലാതായി. നാളെ തന്നെ ഹാർലേമിലേക്ക് പോകാൻ ഞങ്ങൾ നിശ്ചയിച്ചു

ഞങ്ങളുടെ താമസ സ്ഥലമായ ബുസ്സുമിൽ നിന്നും ഇരുപത്തിയാറ് കിലോ മീറ്റർ അകലെയാണ് ഹാർലേം. പടിഞ്ഞാറൻ ഹോളണ്ടിലെ ഒരു ഇടത്തരം പട്ടണം. ഞായറാഴ്ച രാവിലെ പത്ത് മണിയോടെ തന്നെ ഞാനും ടിനയും സൈക്കിളിൽ ഹാർലേമിലെത്തി. സൈക്കിൾ ബാന്റ് സംഘത്തിന്റെ ഓഫിസ് കണ്ടുപിടിക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. സെന്ററത്തിലെത്തി, ആദ്യം കണ്ട ആളോട് തന്നെ വഴി ചോദിച്ചു. മാർച്ചിങ്ങ് ആന്റ് സൈക്കിളിങ്ങ് ബാന്റ് - മാക് ബാന്റ് - എന്നാണ് ആ സംഘത്തിന്റെ പേരെന്ന് വിശദീകരിച്ചുകൊണ്ട് അയാൾ കൃത്യമായി വഴി പറഞ്ഞുതന്നു. തുടർന്ന് അര മണിക്കൂറിനുള്ളിൽ തന്നെ ഞങ്ങൾ മാക് ബാന്റിന്റെ ഓഫിസിലെത്തി. മാക് ബാന്റിന്റെ ട്രഷററായ പീറ്റർ ക്രൂയിജർ മാത്രമാണ് അപ്പോൾ അവിടെ ഉണ്ടായിരുന്നത്. വിദേശ പത്രപ്രവർത്തകരാണ് എന്നറിഞ്ഞപ്പോൾ പീറ്ററിന് പെരുത്ത് സന്തോഷം.

1964-ലാണ് മാക് ബാന്റ് ജന്മമെടുത്തത്. അദ്യ ഒൻപതു വർഷം അത് ഏതൊരു യൂറോപ്യൻ ബാന്റ് സംഘത്തെയും പോലെ മാർച്ചിങ്ങ് ബാന്റ് ആയിരുന്നു. പിന്നീട് 1973-ൽ ആണ് സൈക്കിളിങ്ങ് ബാന്റ് ആയി മാറിയത്. നൂറോളം അംഗങ്ങളാണ് ബാന്റിൽ ഉള്ളത്. പക്ഷെ മ്യൂസിക് ക്യാപ്റ്റൻ ഉൾപ്പടെ 41 പേരുടെ സംഘമാണ് ഒരുസമയം പ്രകടനത്തിൽ പങ്കെടുക്കുക. യൂറോപ്പിലെ ഒട്ടുമിക്ക രാജ്യങ്ങളിലും ഈ സൈക്കിൾ ബാന്റ് സംഘം പ്രകടനം നടത്തിയിട്ടുണ്ട്. "കംപ്ളീറ്റ് ഓർക്കസ്ട്ര ട്രൂപ്പ് ഓൺ സൈക്കിൾ

സ്" - എന്നാണ് പീറ്റർ സ്വന്തം ബാന്റിനെ വിശേഷിപ്പിച്ചത്. സൈക്കിളോടിച്ചുകൊണ്ട് വിവിധ സംഗീത ഉപകരണങ്ങൾ വായിക്കാൻ ഇവർ കുട്ടികളെ പരിശീപ്പിക്കുന്നുമുണ്ട്. അതിനായി ഒരു ട്രെയിനിങ്ങ് സെന്റർ മാക് ബാന്റിന്റെ ഓഫിസ്സിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്നു.

വർഷത്തിൽ ആകെ ഇരുപത്തിയഞ്ചോളം പ്രകടനം മാത്രമേ ഇവർ നടത്തൂ എന്നറിഞ്ഞതോടെ ഞങ്ങൾക്ക് സങ്കടമായി. ഈ സീസണിലെ അവസാനത്തെ പ്രകടനം കഴിഞ്ഞ ആഴ്ച ഫ്രാൻസിലെ ഏതോ പട്ടണത്തിൽ വച്ച് കഴിഞ്ഞുവത്രേ. പ്രാക്ടീസ് ചെയ്യുന്നത് കണ്ടാലും മതിയെന്ന ഞങ്ങളുടെ അപേക്ഷയും നിവൃത്തിയില്ലാത്ത



**തിങ്ങി നിറഞ്ഞ ആൾകൂട്ടത്തിനെ വകഞ്ഞ് മാറ്റി കൊണ്ട് അവർ, 41 പേർ സൈക്കിളിൽ ഡെച്ച് ദേശിയ ഗാനം വായിച്ചു കൊണ്ട് കടന്നു വരികയായിരുന്നു. പട്ടാളച്ചിട്ടയോടെയുള്ള സൈക്കിൾ മാർച്ച് ആയിരുന്നു അത്. ക്യാപ്റ്റന്റെ കമാന്റ് കേട്ടതോടെ സ്വിച്ചിട്ടപോലെ സൈക്കിളുകളെല്ലാം നിന്നു. പിന്നീട് അവിടെ നടന്നത് സംഗീതത്തിന്റെ പെരുമഴ തന്നെയായിരുന്നു. ഏതാനും ഗാനങ്ങൾ കഴിഞ്ഞതോടെ അതിലെ ചില സൈക്കിളുകൾ ചലിക്കാൻ തുടങ്ങി**

തിനാൽ പീറ്റർ തള്ളി. ഏതാനും ദിവസം കഴിഞ്ഞാൽ ശരത് കാലം തുടങ്ങും. ശരത് കാലവും കഴിഞ്ഞ്, ശൈത്യവും പിന്നിട്ട്, വസന്തമെത്തിയാലേ ഇനി പെർഫോർമൻസ് ഉണ്ടാകൂ എന്നതിനാൽ ഇപ്പോൾ പ്രാക്ടീസൊന്നും ഇല്ലത്രേ. അടുത്ത വസന്തം വരെ കാത്തിരിക്കാൻ ഞങ്ങൾക്കാവില്ല, രണ്ടാഴ്ച കൂടി കഴിഞ്ഞാൽ എനിക്ക് യൂറോപ്പിൽ നിന്ന് മടങ്ങണം. ടിനയാകട്ടെ അടുത്ത വെള്ളിയാഴ്ച ഫൈനൽ വൈവ കഴിഞ്ഞാൽ പാരിസിലേക്ക് പോകും. പീന്നീട് തിരിച്ച് വരില്ല. പാരീസിൽ നിന്ന് ഒരാഴ്ച കഴിഞ്ഞ് നേരെ ജന്മനാട്ടിലേക്ക് മടങ്ങും. കോപ്പൻ ഹേഗനിലും വാഴ്സയിലും ചില്ലറ പണികൾ ഏറ്റെടുത്തിട്ടുള്ളതിനാൽ പത്ത് ദിവസം കൂടി കഴിഞ്ഞേ ഞാൻ പോകൂ. പക്ഷെ അതുകൊണ്ട് എന്ത് കാര്യം ?

ഞങ്ങളുടെ വിഷമം കണ്ടപ്പോൾ പീറ്റർ അകത്തുപോയി രണ്ട് മൂന്ന് ആൽബങ്ങൾ എടുത്തുകൊണ്ടുവന്നു. സൈക്കിൾ ബാന്റ് യൂറോപ്പിലെ വിവിധ നഗരങ്ങളിൽ പ്രകടനം നടത്തുന്നതിന്റെ ഫോട്ടോകളാണ് ആൽബങ്ങളിൽ. പീറ്ററാണ് സെന്റർ ക്ളാരിനെറ്റ് വായിക്കുന്നത്. എല്ലാ വർഷവും ജൂണിൽ ആംസ്റ്റർഡാമിൽ നടക്കുന്ന മ്യൂസിക് മാർച്ചിലെ പ്രധാന ആകർഷണങ്ങളിലൊന്ന് സൈക്കിൾ ബാന്റിന്റെ പെർഫോമൻസ് ആണത്രേ. ജൂണിൽ ഹോളണ്ടിൽ ഉണ്ടായിരുന്നിട്ടും മ്യൂസിക് മാർച്ച് കാണാൻ വരാതിരുന്നത് എന്തേ എന്ന് പീറ്റർ ചോദിച്ചപ്പോൾ അണ്ടി പോയ അണ്ണാന്മാരെപ്പോലെയായി ഞാനും ടിനയും. ഇങ്ങനെയൊരു സൈക്കിൾ ബാന്റ് ഉണ്ടെന്നോ ആംസ്റ്റർഡാമിൽ മ്യൂസിക് മാർച്ച് എല്ലാ ജൂണിലും നടക്കുമെന്നോ ഞങ്ങൾക്ക് അറിവുണ്ടായിരുന്നില്ല.

എന്തായാലും അടുത്ത ശനിയും ഞായറും കൂടി ഞങ്ങൾ ഹോളണ്ടിൽ ഉണ്ടെന്ന് പറഞ്ഞു കൊണ്ട്, വേനൽക്കാലം അവസാനിക്കാൻ ഇനി ഒരു വാരാന്ത്യം കൂടി ബാക്കിയുള്ളതിനാൽ ആരെങ്കിലും അടുത്ത ആഴ്ചയിലേക്ക് നിങ്ങളെ ബുക്ക് ചെയ്യാൻ വരട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞങ്ങൾ പീറ്ററിനോട് വിട പറഞ്ഞു. ആദ്യം കണ്ട ഭക്ഷണ ശാലയിൽ കയറി, ഉണക്ക റൊട്ടി ചവക്കുന്നതിനിടയിൽ ടിന പറഞ്ഞു, " അവരുടെ ഒരു പെർഫോമൻസിന് എത്ര ആയിരം യൂറോയാണ് ചാർജ്ജ് എന്ന് ചോദിക്കാമായിരുന്നു. നമ്മുടെ കയ്യിലുള്ള മുഴുവൻ യൂറോയും കൊടുത്ത് നമുക്ക് രണ്ടാൾക്കും വേണ്ടി മാത്രമായി ഒരു തകർപ്പൻ പ്രകടനം നടത്താൻ പറയാമായിരുന്നു." അതിന് നിന്റെ കയ്യിൽ ആകെ എത്ര യൂറോയുണ്ട് ? ഞാൻ ചോദിച്ചു. ' '41 യൂറോയും പാരീസിലേക്കുള്ള ഒരു ട്രെയിൻ ടിക്കറ്റും അവിടെ നിന്ന് ജോർജ്ജിയയിലേക്കുള്ള വിമാന ടിക്കറ്റും. ഇതാണ് എന്റെ കയ്യിൽ ആകെയുള്ളത്. ഇതിൽ ആ 41 യൂറോയും മാക് ബാന്റിന് നൽകാൻ ഞാൻ തയ്യാറാണ്."- ടിന കളിയായി പറഞ്ഞു. സത്യത്തിൽ എന്റെ കാര്യം അതിലും കഷ്ടമായിരുന്നു. മറ്റ് യൂറോപ്യൻ നഗരങ്ങളിലേക്കുള്ള നിരന്തരമായ വാരാന്ത്യ യാത്രകളും അവിടുത്തെ ഹോട്ടലിലെ താമസവും മറ്റും ശരിക്കും പോക്കറ്റ് കാലിയാക്കിയിരുന്നു. സ്കോളർഷിപ്പ് ഇനത്തിൽ ലഭിച്ച തുകയിൽ ഭൂരിഭാഗവും യൂറോപ്പിലെ യാത്രകൾക്കായി ചെലവായി. തിരിച്ചു പോകാനുള്ള വിമാന ടിക്കറ്റ് കയ്യിലുണ്ടെങ്കിലും ഒരു ചെറിയ ഷോപ്പിങ്ങിന് പോലുമുള്ള യൂറോ കയ്യിലില്ല. അതുകൊണ്ടാണ് ഞാൻ ആ ഫ്രഞ്ചുകാരിയുടെ ഡോക്യുഫിക്ഷൻ പ്രൊഡക്ഷൻ യൂണിറ്റിൽ

അസിസ്റ്റന്റ് ആയി ഒരാഴ്ച കോപൻ ഹേഗനിലെ സ്റ്റുഡിയോവിൽ പണിയെടുക്കാൻ തീരുമാനിച്ചത്. കൂട്ടത്തിൽ അവരുടെ ടെലിവിഷൻ പ്രോഗ്രാം പ്രൊഡക്ഷൻ രീതികളൊക്കെ മനസ്സിലാക്കുകയും ചെയ്യാം.

വൈകീട്ട് തിരികെ ബുസ്സുമിലെത്തിയ ഞങ്ങളെ കാത്ത് ഹോസ്റ്റലിന്റെ റിസപ്ഷൻ കൗണ്ടറിൽ പീറ്ററിന്റെ സന്ദേശം ഇരിപ്പുണ്ടായിരുന്നു. "ഉടനേ തിരിച്ചു വിളിക്കുക", തിരിച്ചു വിളിക്കേണ്ട നമ്പറും എഴുതിവെച്ചിട്ടുണ്ട്. അപ്പോഴാണ് ഓർത്തത്, പീറ്ററിനോട് യാത്ര പറഞ്ഞ് പോരുമ്പോൾ മൊബൈൽ നമ്പറോ, ഇ-മെയിൽ വിലാസമോ കൈമാറിയിരുന്നില്ലല്ലോ എന്ന്. ടിനയാണ് പീറ്ററിനെ ഫോൺ ചെയ്തത്. ഫോൺ സംഭാഷണം അവസാനിപ്പിച്ച ശേഷം അവൾ എന്നോട് പറഞ്ഞു. "നമ്മുക്ക് ഒന്നുകൂടി ഹാർലേമിൽ പോകേണ്ടി വരും , അടുത്ത ശനിയാഴ്ച ഉച്ചതിരിഞ്ഞ് നാല് മണിക്ക് അവിടെ എത്തണം". എന്തിന് ? ഞാൻ ചോദിച്ചു ? "ബുദ്ദൂസേ, സൈക്കിൾ ബാന്റിന്റെ പെർഫോർമൻസ് കാണാൻ, അല്ലാതെ എന്തിന്" ? മുക്കാൽ പാവാടയുടെ തുമ്പത്ത് പിടിച്ച് വട്ടം കറങ്ങി നൃത്തചുവടുകൾ വെച്ചുകൊണ്ട് ടിന പറഞ്ഞു.

ഞങ്ങൾ ആശിച്ചപോലെ തന്നെ അടുത്ത വാരാന്ത്യം സൈക്കിൾ ബാന്റ് പെർഫോം ചെയ്യുന്നു. ഹാർലേം മുൻസിപ്പാലിറ്റി തന്നെയാണ് സ്പോൺസർ. ഹാർലേമിലെ വേനലിലെ അവസാന ആഘോഷം അവസാനിക്കുന്നത് സൈക്കിൾ ബാന്റിന്റെ പെർഫോമൻസോടെയാണ്. ഞങ്ങൾ പോന്ന ശേഷം ചെയർമാനും സെക്രട്ടറിയും ഓഫിസ്സിലെത്തിയപ്പോഴാണ് പീറ്റർ അതേ കുറിച്ച് അറിഞ്ഞതത്രേ. ഇത്രയും പറഞ്ഞശേഷം ടിന വെള്ളിയാഴ്ചയിലെ പാരിസ് ടിക്കറ്റ് ശനിയാഴ്ച രാത്രിയിലേക്ക് മാറ്റാനായി ഹോസ്റ്റലിന് വെളിയിൽ കടന്ന് റെയിൽവേ സ്റ്റേഷനിലെ ടിക്കറ്റ് കൗണ്ടറിലേക്ക് പോയി.

ഡെസർട്ടേഷൻ സമർപ്പണത്തിന്റെയും വാചാ പരീക്ഷയുടെയും തിരക്കുകളായിരുന്നു പിന്നീടുള്ള അഞ്ച് ദിവസങ്ങൾ. വെള്ളിയാഴ്ച വൈകുന്നേരം ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പാർട്ടിയോടെ കോഴ്സിന് ഔപചാരികമായ സമാപനമായി. സഹപാഠികളിൽ പലരും ശനിയാഴ്ച രാവിലെ തന്നെ സ്വന്തം നാടുകളിലേക്ക് യാത്രയായി. ഉച്ചയോടെ ടിനയുടെ സൈക്കിളുമായി ഞങ്ങൾ ആംസ്റ്റർഡാമിലേക്ക് പോയി. സൈക്കിൾ കടയിൽ തിരിച്ചേൽപ്പിച്ച് , അഡ്വാൻസ് തുക, വാടക കഴിച്ച് വാങ്ങിക്കുമ്പോൾ ഞാൻ കാണാതിരിക്കാൻ തിരിഞ്ഞുനിന്നുകൊണ്ട് ടിന കണ്ണു തുടക്കുന്നത് കണ്ടു. കഴിഞ്ഞ നാല് മാസം ടിനയുടെ തന്നെ ഭാഗമായിരുന്നു ഈ സൈക്കിൾ. ഈ സൈക്കിളില്ലാതെ ഒരിക്കലും അവളെ ഹോസ്റ്റലിന്റെയോ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ പുറത്ത് കണ്ടിട്ടില്ല.

മൂന്നരയോടെ ഞങ്ങൾ ഹാർലേമിലെത്തി. പീറ്റർ പറഞ്ഞപോലെ കൃത്യം നാല് മണിക്ക് തന്നെ നഗരത്തിലെ പ്രധാന ചത്വരത്തിൽ സൈക്കിൾ ബാന്റിന്റെ പ്രകടനം ആരംഭിച്ചു. ഇതിന് വേണ്ടി ചത്വരത്തിലേക്കുള്ള റോഡ്, മോട്ടോർ വാഹനങ്ങൾ കടക്കാത്തവിധം അധികൃതർ അടച്ചിരുന്നു. തിങ്ങി നിറഞ്ഞ ആൾകൂട്ടത്തിനെ വകഞ്ഞ് മാറ്റി കൊണ്ട് അവർ, 41 പേർ സൈക്കിളിൽ ഡെച്ച് ദേശിയ ഗാനം വായിച്ചുകൊണ്ട് കടന്നു വരികയായിരുന്നു. പട്ടാളച്ചിട്ടയോടെയുള്ള സൈക്കിൾ മാർച്ച് ആയിരുന്നു അത്. ക്യാപ്റ്റന്റെ കമാന്റ് കേട്ടതോടെ സ്വിച്ചിട്ട പോലെ സൈക്കിളുകളെല്ലാം നിന്നു. പിന്നീട് അവിടെ നടന്നത് സംഗീതത്തിന്റെ പെരുമഴ തന്നെയായിരുന്നു. ഏതാനും ഗാനങ്ങൾ കഴിഞ്ഞതോടെ അതിലെ ചില സൈക്കിളുകൾ ചലിക്കാൻ തുടങ്ങി. സംഗീതത്തിന്റെ ഇഴ മുറിയാതെ മറ്റുള്ളവരെ പ്രദക്ഷിണം വച്ചുകൊണ്ടായിരുന്നു അവരുടെ ചലനം. ആദ്യം ബ്യൂഗിൽ വായിക്കുന്നവർ, കുറച്ച് കഴിഞ്ഞപ്പോൾ ക്ളാരിനെറ്റ് വായിക്കുന്നവർ. പുറകെ ട്രംഫെറ്റുകാർ- ഇങ്ങനെ സൈക്കിളുകൾ ഓടികൊണ്ട് സംഗീതം പൊഴിച്ചുകൊണ്ടിരുന്നു. അൽപ്പം കഴിഞ്ഞപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത് ഇപ്പോൾ നടുവിൽ നിൽക്കുന്ന ക്യാപ്റ്റനൊഴികെ ബാക്കി നാല്പത് പേരും സൈക്കിൾ ചവുട്ടികൊണ്ടിരിക്കുകയാണ്. നിമിഷങ്ങൾക്ക് അകം, എല്ലാവരും കൃത്യമായി തന്നെയാണ് ചലിക്കുന്നത് എന്ന് ഉറപ്പുവരുത്തി ക്യാപ്റ്റനും തന്റെ സൈക്കിളെടുത്ത് പ്രദക്ഷിണം ആരംഭിച്ചു. രണ്ട് കയ്യും ഹാന്റലിൽ നിന്ന് വിട്ട്, ട്രൂപ്പിലെ അംഗങ്ങൾക്ക് കമാന്റുകൾ നൽകികൊണ്ടാണ് അദ്ദേഹം സൈക്കിളിൽ കറങ്ങിയിരുന്നത്. ക്യാപ്റ്റന്റെ കയ്യിലെ വടി ഉയരുന്നതിനും താഴുന്നതിനും അനുസരിച്ച് ബ്യൂഗുളും ക്ളാരിനെറ്റുമെല്ലാം ചേർന്ന് ഹൃദ്യമായ സംഗീതം സൃഷ്ടിച്ചു. രണ്ടു മണിക്കൂറോളം നീണ്ടു നിന്നു ഈ സംഗീതമഴ. " അവർ വെറും ഒരു ബാന്റ് സംഘമല്ല, നല്ല ഒന്നാം ക്ളാസ് ഓർക്കസ്ട്ര ട്രൂപ്പ് തന്നെയാണ്. " തിരിച്ചു റെയിൽവേ സ്റ്റേഷനിലേക്ക് നടക്കുമ്പോൾ ടിന പറഞ്ഞു.

ബുസ്സുമിൽ നിന്ന് രാത്രി പതിനൊന്ന് മണിയുടെ അവസാന വണ്ടിക്ക് ടിന പാരിസ്സിലേക്ക് യാത്രയായി. പിറ്റെ ദിവസം രാവിലെ ഞാൻ ഹോസ്റ്റലിലെ റൂം ഒഴിഞ്ഞ് കൊടുത്ത് കോപൻ ഹേഗനിലേക്കും. പോകുന്ന വഴിക്ക് ഷീപ്പോൾ വിമാന താവളത്തിലെത്തി വലിയ പെട്ടി സൂക്ഷിക്കാൻ ഏൽപ്പിച്ചു.

കോപൻ ഹേഗനിൽ നിന്ന് വാഴ്സയിലേക്കും അവിടെനിന്ന് തിരികെ ആംസ്റ്റർഡാമിലേക്കും വിമാനത്തിലായിരുന്നു യാത്ര. കാരണം ഡോക്യൂഫിക്ഷൻ നിർമ്മാണത്തിലെ അസിസ്റ്റന്റ് പണി എന്നെ തൽക്കാലത്തേക്ക് സമ്പന്നനാക്കി മാറ്റിയിരുന്നു.

റേഡിയോ നെതർലാന്റ്സ് ട്രെയിനിങ്ങ് സെന്ററിലെ കോഴ്സ് കഴിഞ്ഞതിന്റെ പത്താം ദിവസം ഞാൻ മുംബൈയിൽ വിമാനമിറങ്ങി. അന്നാണ് പത്ത് ദിവസം കൂടി ദീർഘിപ്പിച്ച എന്റെ ലീവ് തീരുന്നത് പതിനൊന്നാം ദിവസം കൃത്യമായി തന്നെ തൃശ്ശൂർ ബ്യൂറോയിൽ ജോലിക്ക് ഹാജരായി. പക്ഷെ ജോയിൻ ചെയ്യാനായില്ല. അനുവദിച്ചിരുന്നതിലും 10 ദിവസം കൂടുതലായി ഞാൻ അവധിയെടുത്തതിനാൽ തിരുവനന്തപുരത്ത് പോയി എക്സിക്യൂട്ടീവ് എഡിറ്ററെ കാണാനാണ് നിർദ്ദേശം. ഏഷ്യനെറ്റ് ന്യൂസിന്റെ സ്ഥാപക അംഗങ്ങളിൽ ഒരാളായ എനിക്ക് 16 വർഷത്തെ സർവ്വീസിനൊപ്പം വിവിധ ഇനങ്ങളിലായി മുന്നൂറോളം ലീവുകൾ ക്രെഡിറ്റിലുണ്ട്. അതിനാൽ ലീവ് 10 ദിവസത്തേക്ക് ദീർഘിപ്പിക്കുന്നതിന് ഒരു തടസ്സവുമില്ലെന്ന് ഹോളണ്ടിൽ നിന്ന് ഫോൺ വിളിച്ചപ്പോൾ എച്ച്.ആർ മാനേജർ എന്നോട് പറഞ്ഞിരുന്നു. ഈ ഉറപ്പ് ലഭിച്ച ശേഷമാണ് അവധി നീട്ടാനായി ഇ-മെയിൽ അപേക്ഷ അയച്ചത് എന്ന് തിരു

വനന്തപുരത്ത് ചെന്ന് എന്റെ മേലധികാരികളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. പക്ഷെ എക്സിക്യൂട്ടിവ് എഡിറ്ററും ചീഫ് എഡിറ്ററും മർക്കടമുഷ്ടി വെടിയാൻ തയ്യാറായില്ല. ലീവ് അനുവദിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം അവർക്കാണ് എന്നാണ് അവരുടെ ന്യായം. അത് ഞാൻ അംഗീകരിച്ചു. അവരുടെ ആ അധികാരം ഉപയോഗിച്ചു ലീവ് അനുവദിക്കാൻ അപേക്ഷിച്ച് ഞാൻ തിരികെ തൃശ്ശൂരിലേക്ക് പോരുകയും ചെയ്തു.

ഞാൻ തൃശ്ശൂരിലെക്ക് പുറപ്പെട്ടതിന്റെ പുറകെ തന്നെ എന്നെ കാസർഗോഡ് ബ്യൂറോയിലേക്ക് സ്ഥലം മാറ്റാൻ അവർ തീരുമാനിച്ചതായി ചീഫ് എഡിറ്ററുടെ സ്ഥിരം മദ്യപാന സംഘത്തിലെ അംഗവും എന്റെ അടുത്ത സുഹൃത്തുമായ സഹപ്രവർത്തകൻ അന്ന് രാത്രി തന്നെ വിളിച്ചു പറഞ്ഞു. ”പക്ഷെ സാവധാനമേ നടപ്പിലാക്കൂ, വേറെ എന്തെങ്കിലും കാരണം പറഞ്ഞ്. കാസർഗോഡ് പോയി നീ ജോയിൻ ചെയ്യാതെ രാജി വെക്കും എന്നാണ് അവരുടെ കണക്കുകൂട്ടൽ”.( ഏഷ്യാനെറ്റ് ന്യൂസ് എല്ലാകാലത്തും അവഗണിച്ചിരുന്ന പ്രദേശമാണ് കാസർഗോഡ്. തുടക്കം മുതൽ 10 വർഷത്തോളം പാർട്ട് ടൈം റിപ്പോർട്ടറായിരുന്നു അവിടെ. പിന്നീട് ബ്യൂറോ ആക്കി ഉയർത്തിയെങ്കിലും വർഷങ്ങളോളം റിപ്പോർട്ടറെ നിയമിച്ചതേയില്ല. ഇരുപതും ഇരുപത്തിയൊന്നും വയസ്സുള്ള ജേർണ്ണലിസ്റ്റ് ട്രെയിനീ പിള്ളേർ എന്തെങ്കിലും കുരുത്തക്കേട് ഒപ്പിക്കുമ്പോൾ ശിക്ഷ നൽകികൊണ്ട് സ്ഥലം മാറ്റുന്ന ബ്യൂറോയാണ് കാസർഗോഡ്. തിരുവന്തപുരം ബ്യൂറോയിലെ ഒരു ട്രെയിനീ പയ്യനെ മാനേജ്മെന്റിന് ഇഷ്ടപെടാത്ത ഏതോ സംഭവത്തിന്റെ പേരിൽ അങ്ങോട്ട് ട്രാൻസ്ഫർ ചെയ്തിരുന്നുവെങ്കിലും അവൻ ജോയിൻ ചെയ്യാതെ രാജിവെച്ചുപോയതിനാൽ റിപ്പോർട്ടറില്ലാതെ ഒഴിഞ്ഞുകിടക്കുകയാണ് ആ ബ്യൂറോ. എന്നെപ്പോലെ 15 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള, ഏഷ്യാനെറ്റ് ന്യൂസിന്റെ സ്ഥാപകാംഗത്തെ കാസർഗോട്ടേക്ക് മാറ്റുന്നത് സാധാരണനിലയിൽ ആലോചിക്കാൻ പോലുമാകില്ല. അതുകൊണ്ട് തന്നെ ഞാൻ രാജി വെയ്ക്കും എന്ന അവരുടെ പ്രതീക്ഷ അസ്ഥാനത്തല്ല).



## പുസ്തകമാകുന്നു...

20 ലക്കങ്ങളിലായി കേരളീയത്തിൽ പ്രസിദ്ധീകരിച്ച ‘ആംസ്റ്റർഡമോമിലെ സൈക്കിളുകൾ‘ പുസ്തകമായി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. വായനക്കാരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഒപ്പം വിമർശനങ്ങളും ദയവായി അറിയിക്കുക. പുസ്തകരൂപത്തിലെ പോരായ്മകൾ പരമാവധി ഇല്ലാതാക്കാൻ അത് സഹായിക്കും. - ***രാജു റാഫേൽ***

ബന്ധങ്ങൾക്ക് : കേരളീയം,
കൊക്കാലെ, തൃശ്ശൂർ - 21
ഫോൺ: 9400325349
email: rajuraphael@gmail.com

പിന്നീട് രണ്ട് മാസം വലിയ പ്രശ്നങ്ങളില്ലാതെ കഴിഞ്ഞു. ഞാൻ വീക്കിലി ഓഫ് എ ടുത്തിരുന്ന ഒരു തിങ്കളാഴ്ച രാവിലെ സ്ഥലമാറ്റ ഉത്തരവ് വന്നതായി ഓഫിസ്സ് അസിസ്റ്റന്റ് മണി ഫോണിൽ അറിയിച്ചു. ദോഷം പറയരുതല്ലോ, ശിക്ഷാ നടപടിയാണ് എന്ന് ആ സ്ഥലം മാറ്റ ഉത്തരവിൽ പറഞ്ഞിട്ടുണ്ടായിരുന്നില്ല. കാസർഗോഡ് ബ്യൂറോ വളരെ ദുർബലമായതിനാൽ എന്നെപ്പോലെ പരിചയ സമ്പന്നനായ ഒരു റിപ്പോർട്ടറെ അവിടെ ആവശ്യമുണ്ടെന്നും അതിനാൽ സ്ഥലം മാറ്റുന്നു എന്നുമാണ് അതിൽ എഴുതിയിരുന്നത്. 2000-ൽ ഞാൻ ലണ്ടനിൽ നിന്ന് റോയിട്ടർ ട്രെയിനിങ്ങ് കഴിഞ്ഞ് വന്നപ്പോൾ എന്നെ പാലക്കാട്ടേക്ക് സ്ഥലം മാറ്റിയത് ഇതേ കാരണം പറഞ്ഞായിരുന്നു. പിന്നീട് ഏഴര വർഷമാണ് ഞാൻ പാലക്കാട് ബ്യൂറോയിൽ ജോലി ചെയ്തത്. ഇത്തവണ നെതർലാന്റ് വികസന ഏജൻസിയുടെ ഫെല്ലോഷിപ്പ് നേടി ലോകത്തിലെ ഏറ്റവും മികച്ച മാധ്യമ പഠന കേന്ദ്രത്തിൽ ഉന്നത പരിശീലനം നേടി വന്നതിനുള്ള സമ്മാനം കാസർഗോഡേക്ക് ഉള്ള ട്രാൻസ്ഫർ. സമ്മാനത്തിന്റെ കനം കണ്ടിട്ട് ഒരു 12 വർഷമെങ്കിലും അവിടെ കഴിയേണ്ടിവരുമെന്ന് തോന്നുന്നു- ഏതാണ്ട് ഒരു ജീവപര്യന്ത കാലയളവ്.

ഒരു പത്ത് ദിവസത്തെ ലീവല്ല പ്രശ്നം, അന്താരാഷ്ട്ര ഫെല്ലോഷിപ്പോടെ ഹോളണ്ടിൽ പോയി പഠിക്കാൻ എനിക്ക് അവസരം ലഭിച്ചതാണ് എന്റെ മേലാധികാരികളായ മുതിർന്ന ജേർണ്ണലിസ്റ്റുകളുടെ പ്രശ്നമെന്ന് എനിക്ക് നന്നായി അറിയാമായിരുന്നു. ഞാൻ കാസർഗോഡ് പോയി ജോയിൻ ചെയ്താലും ഈ പ്രശ്നം തീരില്ല. അതുകൊണ്ട് തന്നെ കാസർഗോട്ടേക്ക് പോകണ്ട എന്ന് തീരുമാനിച്ചു. പകരം എന്റെ മുന്നിലുള്ള വഴി ഏഷ്യനെറ്റിന് പുറത്തേക്ക് ഉള്ളതായിരുന്നു.

വീട്ടിലെ ഷെഡ്ഡിൽ നിന്ന് പഴയ സൈക്കിൾ പൊടി തട്ടിയെടുത്ത്, ടയറിൽ കാറ്റ് നിറച്ച് ഏഷ്യാനെറ്റ് ന്യൂസ് ബ്യൂറോയിലേക്ക് ഞാൻ ആഞ്ഞു ചവുട്ടി. ഏഷ്യാനെറ്റിന്റെ തുടക്കം മുതൽ 16 വർഷം നീണ്ട പത്രപ്രവർത്തക ജോലിയിൽ നിന്ന് ഞാൻ പിരിയുകയാണ് എന്ന് വ്യക്തമാക്കുന്ന കത്ത് എന്റെ പോക്കറ്റിൽ ഭദ്രമായിരുന്നു. എങ്കിലും സൈക്കിൾ ചവുട്ടുന്നതിന് ഇടയിൽ അത് പോക്കറ്റിൽ തന്നെ ഇല്ലേയെന്ന് ഞാൻ തപ്പി നോക്കി ഉറപ്പു വരുത്തി. കാരണം ഇന്ന് ഈ കത്ത് പ്രതീക്ഷിച്ച് എന്റെ മേലാധികാരികളായ എക്സിക്യൂട്ടീവ് എഡിറ്ററും ചീഫ് എഡിറ്ററും ഏഷ്യാനെറ്റിന്റെ സെൻട്രൽ ന്യൂസ് ഡെസ്കിൽ കാത്തിരിപ്പുണ്ടാകും എന്ന് എനിക്ക് അറിയാമായിരുന്നു.

*(അവസാനിച്ചു)*

books
magazines
periodicals
BYWORD BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689,Mob : 9847764577